## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം - പൊതുസ്ഥലംമാറ്റം 2019-20 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ എ 2/6480/2019/കോ.വി.വ. തീയതി: 13/06/2019

---

പരാമർശം:
1. ഈ ഓഫീസിലെ 08/02/2019 തീയതിയിലെ എ 1/63490/19/കോ.വി.വ നമ്പർ സർക്കുലർ.
2. ജി.ഒ.(എം.എസ്) നമ്പർ 27/1994/ഉ.വി.വ തീയതി 21.02.1994.
3. ജി.ഒ.(എം.എസ്) നമ്പർ 114/2004/ഉ.വി.വ തീയതി 01.08.2004.
4. ജി.ഒ.(പി) നമ്പർ 01/2005/ഉ.വി.വ തീയതി 04.01.2006
5. ജി.ഒ.(പി) നമ്പർ 06/2007/പി & ആർ.ഡി തീയതി 04.12.2007.
6. 24/05/2019 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക
7. 16.05.2017 ലെ ജി.ഒ.(എം.എസ്) നമ്പർ 130/2017/ഉ.വി.വ നമ്പർ ഉത്തരവ്.
8. സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ തീയതി 25.02.2017.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക് വിഭാഗം അദ്ധ്യാപകരുടെ 2019-ലെ പൊതുസ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 07/06/2019 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര്. |
|---|---|---|
| 1 | ഡോ. ആൻ ഫിലിപ്പ്<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവൺമെന്റ് കോളേജ്, കാര്യവട്ടം<br>(അപേക്ഷ) | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, (നിലവിലെ ഒഴിവിൽ) |

| | | |
|---|---|---|
| 2 | ശ്രീ. സി. വിനയചന്ദ്രൻ<br>അസോസിയേറ്റ് പ്രൊഫസർ<br>ഗവൺമെന്റ് കോളേജ്, മൂന്നാർ<br>(അപേക്ഷ) | ഗവൺമെന്റ് കോളേജ്, കോട്ടയം<br>(നിലവിലെ ഒഴിവിൽ) |
| 3 | ശ്രീ. ഉണ്ണികൃഷ്ണൻ. റ്റി<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് (അപേക്ഷ) | ശ്രീ. സി. അച്യുതമേനോൻ സർക്കാർ കോളേജ്, തൃശ്ശൂർ<br>(നിലവിലെ ഒഴിവിൽ) |
| 4 | ശ്രീ. നിധിൻ.കെ<br>അസിസ്റ്റന്റ് പ്രൊഫസർ<br>സി.എച്ച്.എം.കെ.എം.ഗവൺമെന്റ് കോളേജ്<br>കൊടുവള്ളി (അപേക്ഷ) | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്<br>(ശ്രീ. എം. ഗിരീഷ് ബാബുവിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 5 | ശ്രീ. എം. ഗിരീഷ് ബാബു.<br>അസിസ്റ്റന്റ് പ്രൊഫസർ<br>ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്<br>(നിർബന്ധിത സ്ഥലംമാറ്റം) | സി.എച്ച്.എം.കെ.എം.ഗവൺമെന്റ് കോളേജ് കൊടുവള്ളി<br>(നിലവിലെ ഒഴിവിൽ) |
| 6 | ശ്രീ. സുരേഷ് കുമാർ.ആർ<br>അസിസ്റ്റന്റ് പ്രൊഫസർ<br>ജി.പി.എം.ഗവൺമെന്റ് കോളേജ്,<br>മഞ്ചേശ്വരം. (അപേക്ഷ) | ഗവൺമെന്റ് കോളേജ്, കാസർഗോഡ്<br>(നിലവിലെ ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.collegiateedu.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
ഹരിത.വി. കുമാർ ഐ..എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ / അദ്ധ്യാപകർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എസ്.എച്ച് മൌണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ്, കോട്ടയം
3. കരുതൽ ഫയൽ/ഓഫീസ് ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/14/6/19